കയർഫെഡ് എം.ഡി.യുടെ നിയമനം

43 (2099)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ. നാണു :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടേയും അപ്പെക്സ് സഹകരണ സംഘങ്ങളുടേയും തലവൻമാരായി ടെക്നോക്രാറ്റുകളെ നിയമിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) സംസ്ഥാന കയർഫെഡ് മാനേജിംഗ് ഡയറക്ടറായി ആരെയാണ് നിയമിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ആളിന്റെ അക്കാഡമിക് ക്വാളിഫിക്കേഷൻ എന്താണ്;

(ഡി) ഈ ഉദ്യോഗം വഹിക്കുവാൻ തക്കവണ്ണം ഇദ്ദേഹത്തിന് എന്തെല്ലാം വിധത്തിലുള്ള പ്രായോഗിക പരിചയവും പരിശീലനവും ലഭിച്ചിട്ടുണ്ട്;

(ഇ) ഇതേ വിദ്യാഭ്യാസ യോഗ്യതയുള്ള മറ്റുള്ളവരേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും അപ്പെക്സ് സഹകരണ സംഘങ്ങളുടേയും തലവൻമാരായി നിയമിക്കുമോ?

ഉത്തരം

(എ) സ്ഥാപനങ്ങളുടെ പൊതുതാൽപര്യം കണക്കിലെടുത്ത് യോഗ്യരായവരെ നിയമിക്കുകയാണ് പതിവ്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റിലെ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. വി.എ. അരുൺകുമാറിനെയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുള്ളത്.

(സി) എം.സി.എ.ആണ്.

(ഡി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിലെ അസിസ്റ്റന്റ് ഡയറക്ടർ എന്ന നിലവിലുള്ള പ്രായോഗിക പരിചയവും, ഈസ്റ്റ് വെസ്റ്റ് എയർലൈൻസിൽ മാനേജീരിയൽ തസ്തികയിലുള്ള മുൻകാല പരിചയവും കമ്പ്യൂട്ടർ സയൻസിലുള്ള വിദ്യാഭ്യാസ യോഗ്യതയും ഉണ്ട്.

(ഇ) സ്ഥാപനങ്ങളുടെ പൊതുതാത്പര്യം കണക്കിലെടുത്ത് പ്രസ്തുത സ്ഥാപനത്തെ മുന്നോട്ടു നയിക്കുവാൻ പ്രാപ്തിയുണ്ട് എന്ന് സർക്കാരിന് ബോദ്ധ്യമുള്ളവരെയാണ് തലവന്മാരായി നിയമിക്കുന്നത്. തലവന്മാരായി നിയമിക്കപ്പെടുന്നതിന് നിശ്ചിതയോഗ്യതയും പരിചയവും നിഷ്ക്കർഷിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ അപ്രകാരം യോഗ്യതയുള്ളവരെ തന്നെ കഴിയുന്നതും നിയമിക്കുവാൻ സർക്കാർ ശ്രമിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly